Kerala Public Enterprises (Selection and Recruitment) Board
Opposite KELTRON,Vellayambalam,Thiruvananthapuram
Website: kpesrb.kerala.gov.in, Email: kpesrb@gmail.com
Tel: 0471 - 2995042

# പത്രക്കുറിപ്പ്

RAMP (Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി, കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർ (BDSP) തസ്തികയിലേക്കുള്ള കരാർ നിയമനത്തിനായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ്) ബോർഡ് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എം.എസ്.എം.ഇ-കൾക്ക് ആവശ്യമായ സഹായവും പിന്തുണയും നൽകുക എന്നതാണ് ബി.ഡി.എസ്.പി- കളുടെ ചുമതല. സംസ്ഥാനമൊട്ടാകെ 500 ഒഴിവുകളാണ് ഉള്ളത്. **ബിടെക്/എംബിഎ** ഉള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 35 വയസ്സ്. എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. സംസ്ഥാനത്തെ MSME-കളുടെ പ്രവർത്തനവു**മായി** ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് ലഭിക്കുന്ന അവസരമാണിത്. ആകെയുള്ള 500 ഒഴിവുക**ളിൽ** ജില്ല തിരി**ച്ചുള്ള** ഒഴിവുകൾ ഇപ്രകാരമാണ്. തിരുവനന്തപുരം – 37, കൊല്ലം – 34, പത്തനംതിട്ട – 26, ആലപ്പുഴ –37, കോട്ടയം – 36, ഇടുക്കി – 24, എറണാകുളം – 49, തൃശ്ശൂർ – 46, പാലക്കാട് – 45, മലപ്പുറം – 53, കോഴിക്കോട് – 39, വയനാട് – 13, കണ്ണൂർ – 41, കാസർഗോഡ് – 20. അപേക്ഷകൾ 2025 മാർച്ച് 9 വരെ സ്വീകരിക്കും. ഇതിനുപുറമേ **ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്**, **കെൽ, മലബാർ ഇന്റർനാഷണൽ പോർട്ട്, സിഡ്കോ** എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ ഒഴിവുകളിലേക്കും ബോർഡ് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. **ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.** കൂടുതൽ വിവരങ്ങൾക്കായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) വെബ്സൈറ്റ് https://kpesrb.kerala.gov.in സന്ദർശിക്കാവുന്നതാണ്.

സെക്രട്ടറി

കെപിഇഎസ്ആർബി

KERALA PUBLIC ENTERPRISES SELECTION AND RECRUITMENT BOARD
Thiruvananthapuram

**SECRETARY**
Kerala Public Enterprises Selection and
Recruitment Board (KPESRB)
Thiruvananthapuram